Talented Bankers Literary Panel
പുസ്തക പരിചയം 122.

## ഡാവിഞ്ചി കോഡ്,
## ഡാൻ ബ്രൗൺ.

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

ലോകത്ത് ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന കൃതികളിലൊന്നാണ് ഡാൻ ബ്രൗൺ എന്ന അമേരിക്കൻ സാഹിത്യകാരൻ എഴുതിയ "ഡാവിഞ്ചി കോഡ്" എന്ന പുസ്തകം. 2003-ൽ പുറത്തിറങ്ങിയ ഈ പുസ്തകം നാല്പതിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് .

ലൂവ്റ് മ്യൂസിയത്തിൻ്റെ ക്യുറേറ്റർ മ്യൂസിയത്തിനുള്ളിൽ വെച്ച് കൊലചെയ്യപെടുന്നു . സമീപത്ത് അദ്ദേഹം തന്നെ എഴുതി എന്ന് വിശ്വസിക്കാവുന്ന രീതിയിൽ ഉള്ള രഹസ്യ സന്ദേശം . ഈ സന്ദേശത്തിൻ്റെ അർത്ഥം മനസ്സിലാക്കിയ ചെറുമകളും ഫ്രഞ്ച് ക്യപ്റ്റോളജിസ്റ്റുമായ സോഫി, മുത്തശ്ശൻ തനിക്കുവേണ്ടി തന്ന രഹസ്യ സന്ദേശം ആണ് ഇത് എന്ന് മനസ്സിലാക്കുന്നു . സന്ദേശത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഹാർവാർഡിലെ ചിഹ്ന ശാസ്ത്രജ്ഞൻ റോബർട്ട് ലാങ്ഡണ്ടനോടൊപ്പം മുത്തച്ഛൻ്റെ സന്ദേശത്തിന് പൊരുളുകൾ തേടി സോഫി പുറപ്പെടുന്നു .

വിക്ടർ ഹ്യൂഗോ , സർ ഐസക് ന്യൂട്ടൻ , ബോട്ടി സെല്ലി , ലിയനാഡോ ഡാവിഞ്ചി തുടങ്ങിയ പ്രശസ്തർ വിശ്വസിച്ചിരുന്ന സിയോണിലെ പ്രയറി എന്ന രഹസ്യ സംഘത്തിന്റെ നാല് പ്രധാന രഹസ്യ സൂക്ഷിപ്പുകാരിൽ ഒരാളായിരുന്നു കൊല്ലപ്പെട്ട ഴാക് സൊ നീയർ എന്ന് അവർക്ക് മനസ്സിലാക്കുന്നു.
ഡാവിഞ്ചിയുടെ ചിത്രങ്ങളിൽ ഒളിച്ചിരിക്കുന്ന ചില ചിഹ്നങ്ങളും സൂചനകളും കണ്ട് അവർ അമ്പരക്കുന്നു . ക്രിസ്തുവിന്റെ അവസാനത്തെ അത്താഴത്തിൽ പങ്കെടുക്കുന്ന 12 ശിഷ്യന്മാരെ കുറിച്ച് പല കഥകളും ഉണ്ടെങ്കിലും അതിൽ യേശുവിന്റെ തൊട്ടടുത്ത് ഇരിക്കുന്നത് പ്രധാന ശിഷ്യയും ഭാരിയയേ പോലെ കരുതുന്നവളുമായ മഗ്ദലീന മറിയം ആണെന്ന് ഡാവിഞ്ചി, ചിത്രങ്ങളിലൂടെ പ്രയറി ക്കുവേണ്ടി വരച്ചു കാണിച്ചിരുന്നു .

ഴാക് സൊനീയറിൻ്റെ സന്ദേശ സൂചനകൾ വെച്ച് മുന്നോട്ടു പോകുന്ന സോഫിക്ക് പ്രയറിയുടെ രഹസ്യങ്ങളും തിരുക്കാ യുടെ താക്കോലും ലഭ്യമായാൽ അത് സ്വന്തം നിലനിൽപ്പിന് തന്നെ തടസ്സമാകും എന്ന് കരുതുന്ന വത്തിക്കാനിലെ തീവ്ര കത്തോലിക്ക വിഭാഗമായ ഓപുസ് ദേയി എന്ന സംഘടനയിലെ പ്രവർത്തകരും സോഫിക്ക് എതിരേ നീങ്ങുന്നു .

ഒന്നിന് പുറകെ ഒന്നായി രഹസ്യ സന്ദേശങ്ങളിൽ പൊരുളുകൾ അഴിച്ചു മുന്നോട്ടുപോകുന്ന കഥ, തുറക്കപ്പെടുന്ന പ്രയറിയുടെ രഹസ്യങ്ങളുടെ വാതിലുകൾ, ഓപുസ് ദേയി എന്ന സംഘടന നേടുന്ന താൽക്കാലിക നേട്ടങ്ങളും, അതിനു വേണ്ടി നടത്തുന്ന പല കൊലപാതകങ്ങളും, ഇതിനെല്ലാം പുറമേ അതീവ ജാഗ്രതയോടെ കുറ്റവാളികളെ കണ്ടെത്താൻ ശ്രമിക്കുന്ന ഫ്രഞ്ച് പോലീസ്, അതിനിടയിൽ മനസ്സിലാകുന്ന ചരിത്രസത്യങ്ങൾ.

ആകെക്കൂടി വായനക്കാരന് അവിസ്മരണീയമായ ഒരു വായനാ സുഖം നൽകുന്ന പുസ്തകം .

പ്രസാധകർ - ഡി സി ബുക്ക്സ്
വില - Rs.425/-